# പതിനാലാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2673 06.02.2018 ന് മറുപടിയ്ക്ക്

## വനമേഖലകളിലെ വികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ആനത്താരകളിലും വനമേഖലകളിലും വികസന പ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വനം വകുപ്പ് സംരക്ഷിച്ചുവരുന്ന ആനത്താരകളിലും വനമേഖലകളിലും വനേതര വികസന പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കാട്ടാനകൾ പരമ്പരാഗതമായി സഞ്ചാരത്തിനുപയോഗിക്കുന്നതും നിലവിൽ സ്വകാര്യ വ്യക്തികളുടെ കൈവശമുള്ളതുമായ ഭൂമിയിൽ വികസന പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഇത്തരം പ്രവർത്തനങ്ങളാണ് ആനകൾ ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസകേന്ദ്രങ്ങളിലേക്ക് ഇറങ്ങി ജനങ്ങളെ ആക്രമിക്കുന്നതിന് കാരണമാകുന്നതെന്നത് ഗൗരവമായി കാണുന്നുണ്ടോ; | (ബി) ഉണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ആനകൾ ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങി ജനങ്ങളെ ആക്രമിക്കുന്നതിന് ഇടയാക്കുന്ന കാരണങ്ങളിൽ ഒന്നാണ്. |
| (സി) എങ്കിൽ, ഇത്തരം വികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) ആനത്താരകളായി വിജ്ഞാപനം ചെയ്യപ്പെടാത്തതും വനമേഖലകളോട് ചേർന്നു കിടക്കുന്ന സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ വനം വകുപ്പിന് പരിമിതികൾ ഉണ്ട്. |
| (ഡി) വനമേഖലകളിലേയ്ക്കും ദേശീയപാർക്കുകളിലേയ്ക്കും വ്യാപിക്കുന്ന വികസന പ്രവർത്തനങ്ങൾ മൂലം, കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യജീവികൾക്ക് ഉണ്ടാകുന്ന നാശം തടയുന്നതിനും ഇത്തരം വികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) 1980-ലെ കേരള വനനിയമം, 1972 ലെ വന്യജീവി (സംരക്ഷണ) നിയമം എന്നിവയ്ക്ക് വിരുദ്ധമായി വനമേഖലകളിലേയ്ക്കും ദേശീയ പാർക്കുകളിലേയ്ക്കും വ്യാപിക്കുന്ന വികസന പ്രവർത്തനങ്ങൾ തടയുന്നതിനുള്ള നടപടി അപ്പപ്പോൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ